**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വ്യാവസായിക വാണിജ്യ വികസനത്തിന്റെ ഗതി വർദ്ധിപ്പിക്കുന്ന തരത്തിൽ തുറമുഖ വകുപ്പിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യാവസായിക വാണിജ്യ വികസനത്തിന്റെ ഗതി വർദ്ധിപ്പിക്കുന്ന തരത്തിൽ നടപ്പിലാക്കിയ പ്രവർത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ പ്രധാന ഘടകങ്ങളുടെ നിർമ്മാണത്തിൽ നാളിതുവരെ കൈവരിച്ച പുരോഗതി ചുവടെ ചേർക്കുന്നു. |
| (സി) | വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായിട്ടുള്ള അനുബന്ധ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | തുറമുഖ പ്രവർത്തനവുമായി ബന്ധപ്പെട്ട അനുബന്ധ വികസന പ്രവർത്തനങ്ങൾക്കായി ഏകദേശം 30 ഹെക്ടർ ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖത്തിന്റെ സാദ്ധ്യതകൾ കണക്കിലെടുത്ത് Seafood Park, Skill Development Park തുടങ്ങിയ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം തുറമുഖ വികസനത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു Outer Ring Road, Outer Area Growth Corridor തുടങ്ങിയ ബൃഹത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

| നിർമ്മാണ ഘടകം | പുരോഗതി |
|---|---|
| പുലിമുട്ട് | 33% (ഏകദേശം) |
| ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 33 % |
| കണ്ടെയ്നർ ബെർത്ത് | • പൈലിംഗ് –100%<br>• ബീം, സ്ലാബ് പ്രീകാസ്റ്റിംഗ് – 100%<br>• ബെർത്തിന്റെ 'super structure' പണികൾ ആരംഭിക്കേണ്ടതുണ്ട്. |
| കണ്ടെയ്നർ യാർഡ് | 18% |
| തുറമുഖത്തി നായിട്ടുള്ള ഉപകരണങ്ങൾ | • കണ്ടെയ്നർ കൈകാര്യം ചെയ്യുന്ന തിനുള്ള ക്രെയിനുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്.<br>• ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |

## അനുബന്ധം

### വിഴിഞ്ഞം

വിഴിഞ്ഞം സീവേർഡ് ബ്രേക്ക് വാട്ടർ, ലീവേർഡ് ബ്രേക്ക് വാട്ടർ എന്നിവയുടെ പുലിമുട്ട് റെക്ടിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തികരിച്ചു. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിച്ചു. കസ്റ്റംസ്, ഹെൽത്ത്, ഇമിഗ്രേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും ഒരു സ്ഥലത്ത് പ്രവർത്തിക്കുന്നതിനാവശ്യമായ സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. ഐ. എസ്. പി. എസ് സർട്ടിഫൈഡ് പോർട്ടായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി ഐആർഎസ് സർവ്വേ നടത്തിയിട്ടുണ്ട്. Port Facility Security Assessment (PFSA), Port Facility Security Plan ( PFSP) എന്നിവ Mercantile Marine Department-ൽ നിന്നും ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ പൂർത്തീകരിച്ചുവരുന്നു. സി. സി. ടി. വി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കൊല്ലം

കേരള സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ടുള്ള ചരക്കുകപ്പൽ സർവീസിന്റെ ഉദ്ഘാടനം നിർവഹിച്ചു. കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ ഗേറ്റ് ഹൗസ് നിർമ്മാണം പൂർത്തീകരിച്ചു. കെ. ഐ. വി ഓഫീസ് കെട്ടിടത്തിന്റെ നിർമാണം പൂർത്തിയായി വരുന്നു കേരള മാരിടൈം അക്കാഡമി നീണ്ടകരയിൽ ട്രെയിനിംഗ് കോഴ്സുകൾ നടത്തിവരുന്നു. കൊല്ലം തുറമുഖത്ത് ആഴം കൂട്ടുന്നതിനുള്ള ഡിപിആർ തയ്യാറാക്കി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### ആലപ്പുഴ

ആലപ്പുഴ തുറമുഖത്ത് ഉദ്യോഗാർഥികൾക്ക് ബോട്ട് ക്രൂ ട്രെയിനിംഗ് നടത്തുന്നതിനു വേണ്ടി ഒരു മാരിടൈം ട്രെയിനിങ് ഹാൾ പണി പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ആലപ്പുഴ തുറമുഖ ഗോഡൗൺ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് മെസേഴ്സ്. മുസിരിസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന നിർമ്മാണം ആരംഭിക്കുകയും നവീകരിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. മ്യൂസിയം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### ബേപ്പൂർ

കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ ചരക്ക് നീക്കം ആരംഭിച്ചിട്ടുണ്ട്. തുറമുഖ ഭൂമിയിൽ ചുറ്റുമതിലിന്റെ നിർമ്മാണം പുരോഗമിക്കുന്നു ബേപ്പൂർ തുറമുഖ

വികസനത്തിന്റെ ഭാഗമായി 3.83 ഏക്കർ കോവിലകം ഭൂമി ഏറ്റെടുത്തിട്ടുണ്ട്. തുറമുഖത്തിന്റെ ആഴം 6 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള ഡി. പി. ആർ തയ്യാറാക്കി സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ. എസ്. പി. എസ് സർട്ടിഫൈഡ് പോർട്ടായി പ്രഖ്യാപിക്കുന്നതിനായി Port Facility Security Assessment (PFSA), Port Facility Security Plan (PFSP) സർവ്വേകൾ നടത്തിയിട്ടുണ്ട്. ഇ. ഡി. ഐ സംവിധാനം പൂർത്തിയായി വരുന്നു. ബേപ്പൂർ റോഡ് റെയിൽ കണക്റ്റിവിറ്റി നടപ്പിലാക്കുന്നതിന് ഐ. പി. ആർ. സി. എൽ - മായി ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്, ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അഴീക്കൽ**

തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ചരക്കുഗതാഗതം കൊച്ചി ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ വഴി തീരദേശ കപ്പൽ ഗതാഗതം നടത്തിവരുന്നു. 2021-22 കാലങ്ങളിൽ 11 തവണ അഴീക്കൽ തുറമുഖത്ത് കപ്പലുകൾ വന്നുപോയിട്ടുണ്ട്. 133 കണ്ടെയ്നർ കയറ്റുമതിയും 131 കണ്ടെയ്നർ ഇറക്കുമതിയും ചെയ്തിട്ടുണ്ട്. വികസനത്തിന്റെ ഭാഗമായി ഇ. ഡി. ഐ സംവിധാനം ഒരുക്കിയിട്ടുണ്ട്. എമിഗ്രേഷൻ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനും ഐ. എസ്. പി. എസ് കോഡ് നടപ്പിലാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

സംസ്ഥാനത്തിന്റെ വ്യവസായ, വാണിജ്യ പുരോഗതിക്ക് ആക്കം കൂട്ടുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായുള്ള സമഗ്രമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**